20100229

**QP CODE: 20100229**

Reg No : .....................

Name : .....................

## BA DEGREE (CBCS ) EXAMINATION, FEBRUARY 2020

### Fifth Semester

### Core Course - ML5CRT07 - CHERUKADHA,NOVEL

B.A Malayalam Language and Literature Model I,B.A Malayalam Language and Literature Model II Copy Editing,B.A Malayalam Language and Literature Model II Copy Writing

2017 Admission Onwards

3D06F29E

Time: 3 Hours | Maximum Marks :80

**പാർട്ട് എ**

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം.*

1. ആദ്യകാലചെറുകഥാകൃത്തുക്കളെ പരിചയപ്പെടുത്തുക.
2. കഥാപാത്ര നിരൂപണം ചെയ്യുക- പുതിയ മനുഷ്യൻ എന്ന കഥയിലെ കൃഷ്ണൻകുട്ടി
3. കുറിപ്പെഴുതുക- കോവിലൻ
4. വി. കെ. എൻ കഥകളുടെ സവിശേഷതകൾ എന്തെല്ലാം ?
5. ഓപ്പോൾ എന്ന കഥയുടെ ശീർഷകപ്രാധാന്യം എന്ത് ?
6. സ്നേഹത്തിന്റെ അർത്ഥതലങ്ങൾ മാധവിക്കുട്ടി അവതരിപ്പിക്കുന്നതെങ്ങനെ ?
7. “ഞാൻ യാത്രയാണല്ലോ”- എന്തു യാത്രയെക്കുറിച്ചാണ് ദൂതനോട് അച്ഛൻ പറയുന്നത്.
8. വൈശാഖന്റെ കഥകളുടെ സവിശേഷതകൾ എന്തെല്ലാം.?
9. ദിനോസറിന്റെ കുട്ടി എന്ന കഥയുടെ ആഖ്യാനശൈലി എപ്രകാരമാണ്.?

10. പ്രേതഭാഷണം എന്ന കഥയിലെ കറുത്തഫലിതം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത് ?

11. "നമ്മുടെയൊക്കെ ചോരയിൽ നൂറ്റാണ്ടുകളായി തുടർന്നുപോരുന്ന അടിമത്തത്തിന് ഒരു തുടർച്ച കൂടി"- സന്ദർഭം എന്ത് ?

12. "ഒരു തള്ളയ്ക്കുണ്ടായാലും പലർക്കും പല വിധിയാണ്" - വിവക്ഷിതമെന്ത്?

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം.*

13. "എന്റെ മുമ്പാകെ ഇരിക്കാൻ പാടില്ലെന്നുള്ള നിന്റെ പൂർവ്വാചാരത്തെ ഇന്നുമുതൽക്കു നീ വിട്ടുകളയൂ." ആര് ആരോട് പറയുന്നതാണ് ?

14. കീർക്ക് ഗാർഡിന്റെ അസ്തിത്വവാദചിന്തകൾ 'ഖസാക്കിന്റെ ഇതിഹാസ'മെന്ന നോവലിന്റെ പ്രമേയത്തെ എത്രമാത്രം സ്വാധീനിച്ചിരിക്കുന്നു എന്ന് വിശദീകരിക്കുക.

15. പ്രണയത്തിന്റെ പെൺകർതൃത്വത്തെക്കുറിച്ചുള്ള വ്യത്യസ്ത നിരീക്ഷണങ്ങൾ മിണ്ടാപ്പെണ്ണിൽ കടന്നുവരുന്നു- പരിശോധിക്കുക.

16. യന്ത്രങ്ങളെക്കുറിച്ചുള്ള കപിലന്റെ കാഴ്ചപ്പാടുകൾ വിവരിക്കുക.

17. സാമൂഹിക ജീവിതത്തെപ്പറ്റിയുള്ള നിശിതമായ ബോധത്തോടൊപ്പം മനുഷ്യമനസ്സിന്റെ നിഗൂഢമായ മേഖലകളെക്കുറിച്ചുള്ള ആഖ്യാനമാണ് മാറാല- സമർത്ഥിക്കുക.

18. പ്രായാധിക്യം ബന്ധങ്ങളുടെ ഇഴയടുപ്പത്തിന് തടസ്സമാകുന്നില്ല - 'മോതിര'മെന്ന കഥയെ ആസ്പദമാക്കി വിവരിക്കുക.

19. "വികാസത്തിന്റെ പൂർണ്ണത. അവിടെയല്ലേ പുഷ്പത്തിന്റെ വാട്ടമാരംഭിക്കുന്നത്"- വിശദമാക്കുക.

20. "ഒരു നിഘണ്ടുവിന്റെയോ എൻസൈക്ലോപീഡിയയുടെയോ വിശ്വാസ്യത തനിക്കുണ്ടെന്ന് പിള്ളയ്ക്ക് തന്നെ പലപ്പോഴും തോന്നിയിട്ടുണ്ട് "- മനുഷ്യജീവിതസമസ്യകൾ ഓർമ്മ എന്ന കഥ എപ്രകാരം അവതരിപ്പിക്കുന്നുവെന്ന് കണ്ടെത്തുക.

21. “അങ്ങനെ കെട്ടു കഴിഞ്ഞു”- സന്ദർഭം എന്ത് ? ഇതിലടങ്ങിയിരിക്കുന്ന ആക്ഷേപഹാസ്യമെന്ത് ?

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും 15 മാർക്ക് വീതം.*

22. മലയാളം നോവൽ സാഹിത്യചരിത്രത്തിൽ ഇന്ദുലേഖയ്ക്കുള്ള പ്രാധാന്യം ചർച്ചചെയ്യുക.

23. സമൂഹമനസ്സിലുണ്ടാകുന്ന സൂക്ഷ്മചലനങ്ങളെ കഥാപാത്രങ്ങളിലൂടെ പ്രതിഫലിപ്പിക്കാൻ സാറാജോസഫിന് കഴിയുന്നു- ഈ പ്രസ്താവന വിശദമാക്കുക.

24. രമണൻ, രമണി എന്നീ രണ്ട് കൃതികളെയും താരതമ്യം ചെയ്ത് കെ. സരസ്വതിയമ്മയുടെ സ്ത്രീപക്ഷചിന്താഗതികൾ വിശദീകരിക്കുക.

25. ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങൾ ജുറാസിക് പാർക്ക് എന്ന കഥയിൽ എപ്രകാരമാണ് അവതരിപ്പിച്ചിരിക്കുന്നത്. ?

(2×15=30)